**'ഭരണഭാഷ മാതൃഭാഷ'**

TCPTVM/452/2021-C

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം 695001
ഫോൺ 0471 -2339945
ഇ മെയിൽ tcpdtvm@gmail.com
തീയതി: **24/05/2021**

നഗരാസൂത്രക
തിരുവനന്തപുരം

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

സർ

വിഷയം : കെട്ടിട നിർമ്മാണം-കൺകറൻസ്-സംബന്ധിച്ച്.

സൂചന : 1. താങ്കളുടെ ZK2/BA/159/2020 നമ്പർ തീയതി ഇല്ലാത്ത കത്ത്
2. 29.04.2021 ലെ 128ാം കൺകറൻസ് കമ്മിറ്റിയുടെ തീരുമാനം.

തിരുവനന്തപുരം നഗരസഭയിൽ കടകംപള്ളി വില്ലേജിൽ പഴയ സർവ്വേ നമ്പർ 1613/2,1613/5 ൽ ഉൾപ്പെട്ട 283 ച.മീ വസ്തുവിൽ Smt.Latha.V യുടെ ഉടമസ്ഥതയിൽ 78.78 ച.മീ. തറ വിസ്തീർണ്ണമുള്ള ഒരു നില ഏക കുടുംബ വാസഗൃഹം നിർമ്മിക്കുന്നതിന് സൂചന (1) മുഖേന ലഭിച്ച അപേക്ഷ സൂചന (2) കമ്മിറ്റി പരിഗണിക്കുകയുണ്ടായി. ആയതിൻറെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി കൺകറൻസ് അനുവദിക്കുന്നു.

1. നിർദ്ദിഷ്ട നിർമ്മാണ വസ്തുവിൻറെ ഉടമസ്ഥാവകാശം , റവന്യൂ വിവരങ്ങൾ , അതിർത്തി അളവുകൾ എന്നിവ ശരിയാണെന്ന് ഉറപ്പുവരുത്തണം.
2. നിർദ്ദിഷ്ട നിർമ്മാണം നിലവിലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ഉം അനുബന്ധ ഭേദഗതികളും / KLU order എന്നിവ അനുസരിച്ചുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന സെക്രട്ടറി ഉറപ്പു വരുത്തിയിരിക്കണം.
3. നിർദ്ദിഷ്ട നിർമ്മാണം പൂർണ്ണമായും KMBR 2019 നും അനുബന്ധ ഭേദഗതികൾക്കും വിധേയമായിരിക്കണം.
4. നിർദ്ദിഷ്ട നിർമ്മാണം, പ്രദേശത്തെ ഡ്രെയിനേജ് സംവിധാനത്തെ പ്രതികൂലമായി ബാധിക്കാത്ത രീതിയിലായിരിക്കണം.
5. നിർദ്ദിഷ്ട നിർമ്മാണത്തിനോട് ചേർന്നുള്ള പ്ലോട്ടുകളിലെ നിർമ്മാണങ്ങൾ നിയമാനുസൃതമായിരിക്കണം.(authorised)
6. നിർദ്ദിഷ്ട നിർമ്മാണം ഏക കുടുംബ വാസഗൃഹത്തിനായിരിക്കണം .കൂടാതെ വിസ്തീർണ്ണം, ഉപയോഗം എന്നിവ മാറ്റാൻ പാടില്ലാത്തതുമാണ്.

7. നിലവിലുള്ള നിയമങ്ങൾ പ്രകാരം മറ്റു വകുപ്പുകൾ / ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും അവശ്യം നേടേണ്ടതായ അനുമതികൾ / അംഗീകാരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.
8. മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള കൺകറൻസ് മാത്രമാണ് നല്കുന്നത്. ആയതിനാൽ ബാധകമായ മറ്റ് എല്ലാ ചട്ടങ്ങളും നിയമങ്ങളും പാലിച്ചിരിക്കണം.
9. കെട്ടിട നിർമ്മാണ അനുമതി നേടാതെ നിർമ്മാണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ നിർദ്ദിഷ്ട വസ്തുവിലെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെയ്ക്കേണ്ടതും കെട്ടിട നിർമ്മാണ അനുമതി നേടിയതിന് ശേഷം മാത്രം അംഗീകരിച്ച പ്ലാൻ പ്രകാരം പുനരാരംഭിക്കേണ്ടതുമാണ്. ഇത് നടപ്പിലാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ സെക്രട്ടറി നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

JAYASREE.V.K
TOWN PLANNER

ഉള്ളടക്കം:-കൺകറൻസ് രേഖപ്പെടുത്തിയ പ്ലാൻ(1 എണ്ണം)

പകർപ്പ്(അറിവിലേയ്ക്കായി)

Smt.Latha.V,
TC 76/2254,Manju Nivas,
Thekkekunnathu,Venpalavattom,
Anayara P.O,TVPM.695029.